# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 638

12.07.2012 ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിലെ കർഷകരുടെ വായ്പാകുടിശ്ശിക

**ചോദ്യം**

ശ്രീ. കെ.വി. അബ്ദുൾ ഖാദർ
ശ്രീ. പി.കെ. ഗുരുദാസൻ
ശ്രീ. ജെയിംസ് മാത്യു
ശ്രീ. പി.റ്റി.എ.റഹീം.

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) ഋണബാധ്യതയിൽപ്പെട്ട കർഷകരുടെ രക്ഷയ്ക്കായി അന്താരാഷ്ട്ര സഹകരണ വർഷമായ 2012 ൽ സർക്കാർ എന്തെങ്കിലും പ്രത്യേക നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(എ) ഋണബാധ്യതയിൽപ്പെട്ട കേരളത്തിലെ കർഷകരുടെ രക്ഷയ്ക്കായി 2012 ജൂലൈ ഒന്നു മുതൽ 2012 ആഗസ്റ്റ് 31 വരെയുള്ള കാലയളവിലേയ്ക്ക് സർക്കാരിന്റെ ഒന്നാം വാർഷികത്തിന്റെ ഭാഗമായി കുടിശ്ശിക നിവാരണ പദ്ധതി 'ആശ്വാസ് 2012' എന്ന പേരിൽ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ കാലയളവിൽ സഹകരണ ബാങ്കുകളിൽ/ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശികയായവരുടെ പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, മറ്റ് ചെലവുകൾ എന്നിവ ഒഴിവാക്കി വായ്പാകടം തിരിച്ചടയ്ക്കുന്നതിനുള്ള അവസരം നൽകുന്നു.

(ബി) സംസ്ഥാനത്തെ സഹകരണ മേഖലയിലെ കർഷകരുടെ വായ്പാകുടിശ്ശിക സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; വിശദമാക്കുമോ?

(ബി) സംസ്ഥാനത്തെ സഹകരണ മേഖലയിലെ കർഷകർക്ക് ആകെ 1726.76 കോടി രൂപയുടെ വായ്പാ കുടിശ്ശിക നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ